II ഇ. ബി. XIV - കേരള നിയമസഭ/XIV- 2

# പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജനുവരി 30, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

വാങ്മൂലം നൽകിയ ഉത്തരങ്ങൾ

4(*61 & *66) ജലവിതരണ പദ്ധതികൾ പുന:സ്ഥാപിക്കാൻ നടപടി

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, പ്രളയത്തെത്തുടർന്ന് പ്രവർത്തനരഹിതമായ 483 ജലവിതരണ പദ്ധതികളിൽ പലതും യുദ്ധകാലാടിസ്ഥാനത്തിൽ പ്രവർത്തനക്ഷമമാക്കാനും ചെളിയിലും വെള്ളത്തിലും മുങ്ങിപ്പോയ പമ്പ് ഹൗസുകളുടെയും പൈപ്പ് ലൈനുകളുടെയും അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ച് ജലവിതരണം പുന:സ്ഥാപിക്കാനും സാധിച്ചിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കുട്ടനാട്, പാണ്ടനാട്, ചെങ്ങന്നൂർ മേഖലകളിൽ കുടിവെള്ള വിതരണം പൂർണ്ണമായും പുന:സ്ഥാപിച്ചിട്ടുണ്ട്. ജലവിതരണ പദ്ധതികൾ പുന:സ്ഥാപിക്കുന്നതിനായി

പത്തനംതിട്ട, കോഴിക്കോട് ജില്ലകൾക്ക് യഥാക്രമം 5 കോടി രൂപയുടെയും 10 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകി തുടർനടപടികൾ സ്വീകരിച്ചുവരികയാണ്. കോഴിക്കോട്, പാലക്കാട് ജില്ലകളിൽ ജലനിധിയുടെ ഒന്നും രണ്ടും ഘട്ടങ്ങളിലായി 1885 ജലവിതരണ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്നും കുട്ടനാട് പ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി നിലവിലെ ജലവിതരണം വിപുലപ്പെടുത്തുന്നതിന് 13-ാം ധനകാര്യ കമ്മീഷന്റെ അവാർഡിൽപ്പെടുത്തി ആരംഭിച്ച 70 കോടി രൂപയുടെ പദ്ധതി പുരോഗമിച്ചുവരുന്നുണ്ടെന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയ 241 കോടി രൂപയുടെ സമഗ്ര കുടിവെള്ള പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2016-17-ൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ 433.33 കോടി രൂപയുടെ പ്രൊപ്പോസലുകളിൽ 231.44 കോടി രൂപയുടെ 49 എണ്ണത്തിനും 2017-18-ലെ 36 കുടിവെള്ള പദ്ധതികളിൽ 1140.784 കോടി രൂപയുടെ 21 എണ്ണത്തിനും അനുമതി ലഭ്യമായിട്ടുണ്ടെന്നും ബാക്കിയുള്ളവ പരിഗണനയിലാണെന്നും 2018-19-ലെ 262.5 കോടി രൂപയുടെ രണ്ട് പദ്ധതികളുടെ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും

മന്ത്രി അറിയിച്ചു. കിഫ്ബി ഫണ്ട് ഉപയോഗിച്ച് ജലസേചന വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന ജലവിതരണ പദ്ധതികളായ മൂലത്തറ വലതുകര കനാലിന്റെ ദീർഘിപ്പിക്കൽ പദ്ധതിയുടെ സ്ഥലമെടുപ്പ് പ്രവൃത്തികൾ അവസാനഘട്ടത്തിലാണ്. കിഫ്ബി ഫണ്ടിൽനിന്നും 600 കോടി രൂപ ഉപയോഗിച്ച് 20 നദികളിലായി 28 റെഗുലേറ്ററുകൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കി വരുന്നുണ്ടെന്നും 16 എണ്ണത്തിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ടെന്നും ഒരെണ്ണം ടെണ്ടർ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഏഴ് പദ്ധതികൾ പരിഗണനയിലാണെന്നും ബാക്കിയുള്ളവയുടെ റിപ്പോർട്ടുകൾ തയ്യാറാക്കുന്ന നടപടി വിവിധ ഘട്ടങ്ങളിലാണെന്നും മന്ത്രി വ്യക്തമാക്കി. കിഫ്ബി ധനസഹായത്തോടുകൂടി കേരള ജല അതോറിറ്റി നടപ്പാക്കുന്ന 23 പ്രധാന പദ്ധതികൾക്ക് 1257.1 കോടി രൂപയുടെയും 11 പദ്ധതികൾക്ക് 433.33 കോടി രൂപയുടെയും ഭരണാനുമതി നൽകിയിട്ടുണ്ട്. മൂവാറ്റുപുഴ നദീതട പദ്ധതി 2020 മാർച്ച് മാസത്തിനകം പൂർത്തീകരിക്കാനും കണ്ടൂർ തോടിന്റെ നവീകരണത്തിനായി വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഇടമലയാർ മെയിൻ കനാലിന്റെയും ചാലക്കുടി ലിങ്ക് കനാലിന്റെയും നിർമ്മാണം ഏകദേശം പൂർത്തിയായിട്ടുണ്ടെന്നും

ദീർഘകാലമായി മുടങ്ങിക്കിടക്കുന്ന ജലസേചന പദ്ധതികളെക്കുറിച്ച് തീരുമാനമെടുക്കുന്നതിനായി പ്ലാനിംഗ് ബോർഡിൽ രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ മേൽനടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കുടിവെള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമഗ്ര നയം രൂപീകരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നതാണ്. റീ ബിൽഡ് കേരളയിൽ ഉൾപ്പെടുത്തി പദ്ധതികൾ പുനരുദ്ധരിക്കുന്നതാണ്. തലശ്ശേരി-കുത്തുപറമ്പ് കുടിവെള്ള പദ്ധതി പൂർത്തീകരിക്കുമെന്നും ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് കടലുണ്ടിപ്പുഴയിൽ സംരക്ഷണ ഭിത്തി നിർമ്മിക്കുമെന്നും കുടിവെള്ള ക്ഷാമം നേരിടുന്നതിനായി സംസ്ഥാന ജില്ലാതലത്തിൽ അവലോകന യോഗങ്ങൾ കൂടുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

5(*62) <u>വനഭൂമി കയ്യേറ്റം</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, വനം കയ്യേറ്റം തടയുന്നതിനും വനസംരക്ഷണത്തിനുമായി വനാതിർത്തി സർവ്വേ, ജണ്ട നിർമ്മാണം, പാരിസ്ഥിതിക പ്രാധാന്യമുള്ള ഭൂമികൾ റിസർവ് വനമായി പ്രഖ്യാപിക്കൽ,

കയ്യേറ്റം ഒഴിപ്പിക്കൽ തുടങ്ങിയ നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. 01.01.1977-നുശേഷം കയ്യേറിയ 11917 ഹെക്ടറിലധികം വനഭൂമിയിൽ 4628 ഹെക്ടർ മാത്രമേ ഒഴിപ്പിച്ചിട്ടുള്ളൂവെന്നും മണ്ണാർക്കാട്, വയനാട് സൗത്ത്, മൂന്നാർ എന്നീ ഡിവിഷനുകളിലാണ് കൂടുതൽ ഒഴിപ്പിക്കാനുള്ളതെന്നും ടൂറിസം മേഖലയായ മൂന്നാർ, കോതമംഗലം, കോന്നി ഡിവിഷനുകളിലെ സ്ഥലങ്ങളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ടെന്നും സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. പ്രാദേശിക എതിർപ്പുകളും കോടതി വ്യവഹാരങ്ങളും ജണ്ട നിർമ്മാണത്തിന് തടസ്സമാകുകയും വനം കയ്യേറ്റ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നുണ്ട്. 2017-18-ൽ 14416 ജണ്ടകൾ നിർമ്മിച്ചിട്ടുണ്ടെന്നും വനാതിർത്തികളുടെ നീളവും ജണ്ടകളുടെ എണ്ണവും പുനർനിർണ്ണയിച്ച് 45060 സ്ഥിരം ജണ്ടകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും നടപ്പ് സാമ്പത്തിക വർഷം 15000 എണ്ണവും അടുത്ത ഏതാനും വർഷങ്ങളിൽ അവശേഷിക്കുന്നവയും പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നതെന്നും മന്ത്രി വ്യക്തമാക്കി. റവന്യൂ/വനം വകുപ്പുകൾ ജോയിന്റ് സർവ്വേ നടത്തി ജണ്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. വ്യക്തമായ മാനദണ്ഡങ്ങൾക്കനുസൃതമായും കേന്ദ്രസർക്കാരിന്റെ അനുമതിയോടുംകൂടി മാത്രമേ പൊതു ആവശ്യങ്ങൾക്കോ

സ്വകാര്യ വ്യക്തികൾക്കോ വനഭൂമി വിട്ടുനൽകുകയുള്ളൂവെന്നും പൊന്തൻപുഴയിലെ വനഭൂമി സ്വകാര്യവ്യക്തികൾക്ക് കൈമാറിയിട്ടില്ലെന്നും വന്യമൃഗ ശല്യം തടയുന്നതിനായി വനാതിർത്തിയിൽ സൗരോർജ്ജ വേലി നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. 01.01.1977-നുമുമ്പ് കയ്യേറി കൈവശം വച്ച് നികുതി നൽകുന്ന വനഭൂമിയിൽനിന്ന് കർഷകരെ കുടിയൊഴിപ്പിക്കുകയില്ലെന്ന് ഉപചോദ്യത്തിലിടപെട്ടുകൊണ്ട് മുഖ്യമന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 720 മുതൽ 1070 വരെയുള്ള ചോദ്യങ്ങളിൽ 197 എണ്ണത്തിനും 29.01.2019-ലെ നക്ഷത്രചിഹ്നമിട്ട 31 മുതൽ 60 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 372 മുതൽ 719 വരെയുള്ള ചോദ്യങ്ങളിൽ 193 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി.)